**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3299** **13-07-2022 - ൽ മറുപടിയ്ക്ക്**

**കൊക്കയാർ, പെരുവന്താനം, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിൽ ദുരിതം അനുഭവിച്ചവർക്കുള്ള പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2021 ഒക്ടോബറിലെ പ്രകൃതി ദുരന്തത്തിൽ കൊക്കയാർ, പെരുവന്താനം, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിൽ ദുരിതം അനുഭവിച്ചവർക്ക വേണ്ടി സർക്കാർ എന്തൊക്കെ സാഹായങ്ങളാണ് നൽകിയിട്ടുള്ളത്; | (എ) | 2021 ലെ പ്രകൃതി ദുരന്തത്തെ തുടർന്ന 09/11/2021 ലെ GO(Ms).No 6/2021/DMD പ്രകാരം സംസ്ഥാനത്തെ 305 വില്ലേജുകളെ പ്രളയ ബാധിത വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ കൊക്കയാർ, പെരുവന്താനം, കൂട്ടിക്കൽ പഞ്ചായത്തുകളും ഉൾപെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം നാശ നഷ്ടങ്ങൾ സംഭവിച്ചവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ ഈ ഉത്തരവിലൂടെ സാധിച്ചിട്ടുണ്ട്. 29/10/2021 ലെ GO(Ms).No 5/2021/DMD പ്രകാരം 2021 ഒക്ടോബർ മാസം സംസ്ഥാനത്തുടനീളം ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും, പരിക്കേറ്റവർക്കും, വീട് നഷ്ടപ്പെട്ടവർക്കും, വീടിനു കേടുപാട് സംഭവിച്ചവർക്കും ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 75-100 ശതമാനത്തിനുമിടയിൽ തകർച്ച നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നൽകാനാവുന്നത 1,01,900 രൂപ മാത്രമാണെന്നിരിക്കെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 2,98,100 രൂപയും ചേർത്ത് നാല ലക്ഷം രൂപയും, 60-74 ശതമാനം വരെയുള്ള നാശനഷ്ടത്തിന് എസ് ഡി ആർ എഫിൽ നിന്നുള്ള 76,500 രൂപ കൂടാതെ സി എം ഡി ആർ എഫിൽ നിന്നുള്ള 1,73,500 രൂപയും ചേർത്ത് 2,25,000 രൂപയും, 30-59 ശതമാനം വരെയുള്ള നാശനഷ്ടത്തിന് എസ് ഡി ആർ എഫിൽ നിന്നുള്ള 51,000 രൂപ കൂടാതെ സി എം ഡി ആർ എഫി ൽ നിന്നുള്ള 74,000 രൂപയും ചേർത്ത് 1,25,000 രൂപയും 16-29 |

| | | | |
|---|---|---|---|
| | | | വരെയുള്ള നാശനഷ്ടത്തിന് എസ് ഡി ആർ എഫിൽ നിന്നുള്ള 30,500 രൂപ കൂടാതെ CMDRF ൽ നിന്നുള്ള 29,500 രൂപയും ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപ വീതവും, വീടും വസ്തുവും പൂർണമായി നഷ്ടപ്പെട്ടവർക്ക് പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കുന്ന വിധത്തിൽ ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്കും ബാധകമാക്കിയിട്ടുണ്ട്. പരിക്കേറ്റവർക്കും വീടിന് കേടുപാട് സംഭവിച്ചവർക്കുമുള്ള ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ദുരിതത്തിൽ പൂർണമായും വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; | (ബി) | 2021 ലെ പ്രകൃതി ദുരന്തത്തെ തുടർന്ന് 09/11/2021 ലെ GO(Ms).No 6/2021/DMD പ്രകാരം സംസ്ഥാനത്തെ 305 വില്ലേജുകളെ പ്രളയ ബാധിത വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ കൊക്കയാർ, പെരുവന്താനം, കൂട്ടിക്കൽ പഞ്ചായത്തുകളും ഉൾപെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം നാശ നഷ്ടങ്ങൾ സംഭവിച്ചവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ ഈ ഉത്തരവിലൂടെ സാധിച്ചിട്ടുണ്ട്. 29/10/2021 ലെ GO(Ms).No 5/2021/DMD പ്രകാരം 2021 ഒക്ടോബർ മാസം സംസ്ഥാനത്തുടനീളം ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും, പരിക്കേറ്റവർക്കും, വീട് നഷ്ടപ്പെട്ടവർക്കും, വീടിനു കേടുപാട് സംഭവിച്ചവർക്കും ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 75-100 ശതമാനത്തിനുമിടയിൽ തകർച്ച നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നൽകാനാവുന്നത് 1,01,900 രൂപ മാത്രമാണെന്നിരിക്കെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 2,98,100 രൂപയും ചേർത്ത് നാല് ലക്ഷം രൂപയും, 60-74 ശതമാനം വരെയുള്ള നാശനഷ്ടത്തിന് എസ് ഡി ആർ എഫിൽ നിന്നുള്ള 76,500 രൂപ കൂടാതെ സി എം ഡി ആർ എഫിൽ നിന്നുള്ള 1,73,500 രൂപയും ചേർത്ത് 2,25,000 രൂപയും, 30-59 ശതമാനം വരെയുള്ള നാശനഷ്ടത്തിന് എസ് ഡി ആർ എഫിൽ നിന്നുള്ള 51,000 രൂപ കൂടാതെ സി എം ഡി ആർ എഫി ൽ നിന്നുള്ള 74,000 രൂപയും ചേർത്ത് 1,25,000 രൂപയും 16-29 വരെയുള്ള നാശനഷ്ടത്തിന് എസ് ഡി ആർ എഫിൽ നിന്നുള്ള 30,500 രൂപ കൂടാതെ CMDRF ൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ള 29,500 രൂപയും ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപ വീതവും, വീടും വസ്തുവും പൂർണമായി നഷ്ടപ്പെട്ടവർക്ക് പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കുന്ന വിധത്തിൽ ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്കും ബാധകമാക്കിയിട്ടുണ്ട്. പരിക്കേറ്റവർക്കും വീടിന് കേടുപാട് സംഭവിച്ചവർക്കുമുള്ള ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (സി) | ഉണ്ട്.റോഡുകൾ, പാലങ്ങൾ എന്നിവയുടെ **പുനർ നിർമ്മാണ** ജോലികൾ നടന്നു വരുന്നു . |
| (ഡി) | പുല്ലകയാറിനെ പൂർവസ്ഥിതിയിലാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (ഡി) | നദികളിലേയും കൈവഴികളിലേയും പ്രളയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പദ്ധതി നടന്നു വരുന്നു. ആയതിന്റെ ഭാഗമായുള്ള പ്രവർത്തികൾ പുല്ലകയാറിലും ധ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ